ഉത്തരം

(എ) ഉണ്ട്. നടപ്പു സാമ്പത്തിക വർഷം 31-3-2011 വരെ ഉണ്ടാകുവാൻ സാധ്യതയുള്ള എല്ലാ പ്രതീക്ഷിത ഒഴിവുകളും 31-3-2011-ൽ ജീവനക്കാർ വിരമിക്കുന്നതിന്. അനുസരണമായി എൻട്രി കേഡറിൽ വരാവുന്ന ഒഴിവുകൾ ഉൾപ്പെടെ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്യാൻ എല്ലാ നിയമനാധികാരികൾക്കും സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത് കൂടാതെ പെൻഷൻ ഏകീകരണം നിലവിലില്ലായിരുന്നെങ്കിൽ ജീവനക്കാർ വിരമിക്കുമായിരുന്ന ഒഴിവ് കണക്കാക്കി എൻട്രി കേഡറിൽ ഉണ്ടാകാവുന്ന പ്രതീക്ഷിത ഒഴിവുകളിലേക്ക് സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ച് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാനും എല്ലാ നിയമനാധികാരികൾക്കും സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) വേക്കൻസികൾ റിപ്പോർട്ട് ചെയ്യാൻ നിർദ്ദേശിക്കുന്ന സർക്കുലറുകളിൽ ഇതിനായി ഉപയോഗിക്കുന്ന നിശ്ചിത ഫോമിന്റെ മാതൃകയും അനുബന്ധമായി നൽകാറുണ്ട്. ആയതിനാൽ ഫോം ശരിയായ രീതിയിൽ പൂരിപ്പിച്ച് പി.എസ്.സി-യെ അറിയിക്കാത്തതുമൂലം തിരിച്ചയയ്ക്കുന്നതിന്റെ ഫലമായി ഉണ്ടാകുന്ന കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) വിവരം ശേഖരിച്ചു വരുന്നു.

പുതുതായി നിയമനം പി.എസ്.സി.-ക്കുവിട്ട തസ്തികകളിലെ നിയമനം

21(1260) ശ്രീ. എ. എം. യൂസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിയമനം പി.എസ്.സി.-യ്ക്കുവിട്ട ഏതെല്ലാം തസ്തികകളിലേക്ക് പി.എസ്.സി. അപേക്ഷ ക്ഷണിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ ഏതെല്ലാം തസ്തികകളിൽ നിയമനം നടത്തിയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിയമനം പി.എസ്.സി-ക്കു വിട്ട സ്ഥാപനങ്ങളിലേക്ക് അപേക്ഷകളൊന്നും ക്ഷണിച്ചിട്ടില്ല.

കേരള പബ്ലിക് സർവ്വീസ് കമ്മീഷന് ഓൺലൈനായി അപേക്ഷ സമർപ്പിക്കുമ്പോൾ ബാർകോഡ് അയയ്ക്കാൻ നടപടി

22(1264) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന ഓൺലൈനായി ജോലിക്ക് അപേക്ഷ സമർപ്പിക്കുമ്പോൾ ലഭിക്കുന്ന ബാർകോഡ് ഹാൾടിക്കറ്റ് ഡൗൺലോഡ് ചെയ്യുമ്പോൾ ആവശ്യമായിവരുന്നതും പ്രസ്തുത ബാർ കോഡ് സേവ് ചെയ്യാൻ മാർഗ്ഗമില്ലാത്ത കാര്യവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ബാർ കോഡ് നമ്പർ അപേക്ഷകന്റെ ഇ-മെയിൽ അഡ്രസ്സിലേക്കോ മൊബൈൽ നമ്പറിലേക്കോ അയയ്ക്കാൻ നടപടി ഉണ്ടാകുമോ?

LIBRARY ARCHIVES Kerala Legislative Assembly